ഡീംഡ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്നതിനായി അവരുടെ സമ്മതം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പാത്തോളജി, മൈക്രോബയോളജി സൗകര്യങ്ങൾ ഉൾപ്പെടുത്തി സെൻട്രൽ ക്ലിനിക്കൽ ലബോറട്ടറി തയ്യാറാക്കിയിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീയേറ്റർ കമ്മിറ്റി രൂപീകരിച്ച് ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയിലെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കൊല്ലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി

89 (6794) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുമോ ;

(ബി) 2012-13-ൽ കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുമെന്നും 2013-14-ൽ മെഡിക്കൽ കോളേജ് അനുവദിക്കാമെന്നുമുള്ള വാഗ്ദാനം എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നതെന്ന് വിശദമാക്കുമോ ;

(സി) കൊല്ലത്ത് പ്രവർത്തിച്ചിരുന്ന നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഭൂമി കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനം ഏറ്റെടുത്ത് അതിലൊരു ഭാഗം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നും അവശേഷിക്കുന്ന തൊഴിലാളികൾക്ക് കോമ്പൻസേഷൻ കൊടുക്കണമെന്നും ആവശ്യപ്പെട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള നിവേദനം അംഗീകരിക്കുമോ ; വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉപയോഗിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ പുറംകരാർ പ്രവർത്തനങ്ങൾ

90 (6795) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ് പുറംകരാർവഴി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എച്ച്. എൽ. എൽ.വഴി ഏതെല്ലാം പ്രവർത്തനങ്ങൾ പുറംകരാർവഴി നടപ്പാക്കുന്നുവെന്നറിയിക്കുമോ ; ഇതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) പുറംകരാർവഴി നിയമനങ്ങൾ നടത്തുമ്പോൾ സംവരണ വ്യവസ്ഥ പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് കരാറിൽ നിലവിലുള്ള വ്യവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം

91 (6796) ശ്രീ. എം. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എത്രയാണ് ; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം സ്റ്റാഫ് നഴ്സുമാരുടെ നിയമനം അനിശ്ചിതമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 31-5-2014-ൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം 1456 ആണ്. 31-5-2014-ലെ കണക്ക് പ്രകാരം ആകെ 813 ഒഴിവുകൾ നിലവിലുണ്ട്.

(ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 11-5-2011 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് നിയമനം സംസ്ഥാനതല റിക്രൂട്ട്മെന്റ് മുഖാന്തിരമാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല റാങ്ക് പട്ടിക നിലവിലില്ലാത്തതാകുന്നു. സംസ്ഥാന തല നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ എത്രയും വേഗം നിയമന ശിപാർശ നൽകുവാൻ പി.എസ്.സി.-യോട് അപേക്ഷിച്ചിട്ടുണ്ട്.

മരുന്നുകളുടെ ദൗർലഭ്യം

92 (6797) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ആശുപത്രികളിൽ, അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly